II. ശ്രദ്ധക്ഷണിക്കൽ

(1) കേന്ദ്രസഹായത്തോടെ കണ്ണൂരിൽ കൈത്തറി വികസനകേന്ദ്രം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ കൈത്തറി വ്യവസായം അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗങ്ങളാണ് കൈത്തറി മേഖലയിൽ ജോലി ചെയ്യുന്ന ഒന്നര ലക്ഷത്തോളം വരുന്ന ജനങ്ങൾ. ആ ഒന്നര ലക്ഷത്തോളം

9.30 A.M.] വരുന്ന തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമാണ് കൈത്തറി വ്യവസായം. 2005-06-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി വിഹിതം 16 കോടി രൂപ മാത്രമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റിബേറ്റ്, എൻ. ഡി. എ. എന്നിവയിൽ പദ്ധതിയേതര ഇനങ്ങളിലായി 69 കോടി രൂപ ചെലവഴിച്ചിരുന്നു. ഇതുകൂടാതെ പരമ്പരാഗത സഹകരണ സംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങൾക്കുമായി 6.48 കോടി രൂപ എൻ. സി. ഡി. സി. യുടെ സഹായമായി ലഭിച്ചിരുന്നു. എന്നാൽ കഴിഞ്ഞ നാല് വർഷമായി ഈ വായ്പകളൊന്നും തന്നെ ലഭിക്കുന്നില്ല. റിബേറ്റും അതുപോലെ എൻ. ഡി. എ. യ്ക്കുമായി ഈ സർക്കാർ യഥാർത്ഥത്തിൽ 22.79 കോടി രൂപ മാത്രമാണ് അനുവദിച്ചത്. 2001-02-ൽ 15 കോടി രൂപയായിരുന്നു അനുവദിച്ചിരുന്നത്. 2001-02-ഓടുകൂടി ഇതിന്റെ കുടിശ്ശിക അനുവദിക്കുന്നില്ലെന്ന് മാത്രമല്ല പൂർണ്ണമായിട്ടും റിബേറ്റ് വേണ്ടെന്ന് വയ്ക്കുകയും ചെയ്തു. സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് ഈ മേഖലയിൽ പതിനഞ്ച് ശതമാനം തറികളും പ്രവർത്തിക്കുന്നത്. ആ സഹകരണ മേഖലയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിന് ഫലപ്രദമായിട്ട് ഉപയോഗിച്ചിരുന്ന മാർഗ്ഗമാണ് റിബേറ്റ് സംവിധാനത്തിന്റെ ഭാഗമായിട്ട് മാർക്കറ്റിൽ കടന്നുചെല്ലാനുള്ള സൗകര്യം. അതാണ് പൂർണ്ണമായിട്ടും ഇപ്പോൾ ഒഴിവാക്കപ്പെട്ടത്. കൈത്തറി മേഖലയിൽ ലോകശ്രദ്ധ ആകർഷിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രം കണ്ണൂരാണ്. അതുപോലെതന്നെ തിരുവനന്തപുരം. ലോകമാർക്കറ്റിൽ കണ്ണൂർ കൈത്തറിക്ക് ഇപ്പോഴും ശ്രദ്ധേയമായ രീതിയിലുള്ള ആകർഷണീയതയുണ്ട്. ഈ സഹകരണ മേഖലയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ചരക്കുകൾക്ക് യഥാർത്ഥത്തിൽ ലോകമാർക്കറ്റിലേക്ക് കടന്നുപോകുന്നതിന് ഗവൺമെന്റ് സാമ്പത്തിക സഹായം കൊടുത്തുകൊണ്ടിരുന്നു. ഇപ്പോൾ പത്ത് ശതമാനം ആനുകൂല്യമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. 2005-ഓടുകൂടി ഈ ആനുകൂല്യം നാല് ശതമാനമായിട്ട് കുറയ്ക്കാനും 2007-ഓടുകൂടി ഈ ആനുകൂല്യങ്ങൾ പൂർണ്ണമായിട്ടും ഇല്ലാതാക്കാനും തീരുമാനിച്ചിരിക്കുകയാണ്. ഡബ്ല്യൂ.റ്റി.ഒ.യുടെ തീരുമാനമനുസരിച്ച് കൈത്തറിക്ക് പ്രത്യേക പരിരക്ഷ ലഭിക്കാൻ പോകുന്നില്ല. ടെക്സ്റ്റൈൽ എന്ന രീതിയിലാണ് കൈത്തറി തുണിത്തരങ്ങൾ ഉൾപ്പെടെ കയറ്റിഅയയ്ക്കേണ്ടിവരിക. സ്വാഭാവികമായിട്ടും കൈത്തറിക്ക് ടെക്സ്റ്റൈൽ മേഖലയിൽ മത്സരിക്കുന്നതിനുവേണ്ടി സാധിക്കാത്ത ഒരവസ്ഥ വരാൻ പോവുകയാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ഒന്നര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവിതോപാധിയായിട്ടുള്ള കൈത്തറിയെ സംരക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നില്ല എന്നുള്ളതാണ് സത്യം. ആധുനികവൽക്കരിക്കാനുള്ള ശ്രമം ഇപ്പോൾ തമിഴ്നാട്, ആന്ധ്രാ പ്രദേശ് മേഖലകളിൽ നിന്ന് വരികയാണ്. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ഗുണമേൻമ കൂട്ടുകയും ചെയ്തുകൊണ്ടല്ലാതെ ലോകമാർക്കറ്റിൽ നമുക്ക് പിടിച്ചുനിൽക്കാൻ സാധിക്കില്ല. ഇപ്പോൾ നൂൽ ചുറ്റുന്നതിനും പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനും വേണ്ടി Five year take up motion എന്നുപറയുന്ന ചില ചെറിയ രീതിയിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനം ഈ മേഖലയിൽ തമിഴ്നാട്ടിൽ ആരംഭിച്ചിട്ടുണ്ട്. അതിനാവശ്യമായ രീതിയിൽ എന്തെങ്കിലും ശ്രമം കേരളത്തിൽ ഇതുവരെ തുടങ്ങിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് ഈ മേഖലയെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതിനോട് ഇന്നത്തെ നിലയിൽ പ്രതികരിക്കാൻ കേരള ഗവൺമെന്റിന് സാധിക്കുന്നില്ല എന്നുള്ളതാണ് സ്ഥിതി. ദീൻ ദയാൽ ഹാത്കർ പ്രോത്സാഹൻ യോജന (ഡി. ഡി. എച്ച്. പി. വൈ.) എന്ന പദ്ധതി കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഇതിന്റെ ഭാഗമായി കേരളത്തിലെ സഹകരണ സംഘങ്ങളെ കൂടി ചേർത്തുകൊണ്ട് ഒരു കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഒരു സഹകരണ സംഘത്തിന് 50,000 രൂപ വീതം ഇപ്പോൾ കൊടുത്തു. പക്ഷേ കൺസോർഷ്യത്തിന് മുൻപോട്ട് പോകുന്നതിന് വേണ്ടിയുള്ള ഒരു ഗ്രാന്റും അനുവദിക്കുന്നില്ല. അതുപോലെതന്നെ ഇതിന്റെ ഭാഗമായിട്ട് വിറ്റഴിക്കാൻ വേണ്ടി സ്റ്റോർ റൂമുകൾ തയ്യാറാക്കിയിട്ടുണ്ട്. ഈ സ്റ്റോർ റൂമുകളിൽ നിന്ന് വിറ്റഴിക്കുമ്പോൾ റിബേറ്റ് അനുവദിക്കുന്നില്ല. അതുകൊണ്ട് കൺസോർഷ്യത്തിന്റെ പ്രവർത്തനം ഇതുപോലെതന്നെ മുന്നോട്ട് പോയാൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായിട്ട് എയ്ഡ് കിട്ടിയിട്ട് പോലും നടപ്പിലാക്കാൻ സാധിക്കാത്ത സ്ഥിതി വരാൻ പോവുകയാണ്. നൂൽ സബ്സിഡിയാണ് വളരെ പ്രധാനപ്പെട്ട ഒരു ആകർഷണീയത. എൻ. എച്ച്. ഡി. സി. യിൽ നിന്ന് നൂൽ വാങ്ങുമ്പോൾ പ്രത്യേകിച്ച് ഹാൻവീവ്, ഹാന്റെക്സ് മുഖേന വാങ്ങുമ്പോൾ ഒരു പെട്ടി നൂലിന് 75 രൂപ ആനുകൂല്യം ലഭിക്കുമായിരുന്നു. 2004-ന് ശേഷം ഒന്നേകാൽ വർഷമായി ഈ ആനുകൂല്യവും ഇപ്പോൾ കൊടുത്തിട്ടില്ല. എൻ. സി. ഡി. സി. യിൽ നിന്ന് വായ്പ ലഭിക്കാനുള്ള സൗകര്യമുണ്ടായിരുന്നു. ആ വായ്പ ലഭിക്കുന്ന സൗകര്യവും ഇപ്പോഴില്ല. അപ്പോൾ സ്വാഭാവികമായും കേരളത്തിലെ കൈത്തറി മേഖലയാകെ പ്രത്യേകിച്ച് സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട കൈത്തറി മേഖല മുഴുവനും വമ്പിച്ച തകർച്ചയെ അഭിമുഖീകരിക്കുകയാണ്. തൊഴിൽ കൊടുക്കാൻ വേണ്ടി ശ്രമിക്കുന്നത് സഹകരണ സംഘങ്ങളാണ്. ലാഭം വർദ്ധിപ്പിക്കാൻ വേണ്ടിയാണ് പ്രൈവറ്റുകാർ നിരന്തരമായി ശ്രമിക്കുന്നത്. അപ്പോൾ ഈ സബ്സിഡി ഇല്ലാതാകുന്നതോടുകൂടിയും ആനുകൂല്യങ്ങൾ നിർത്തലാക്കുന്നതോടുകൂടിയും കൈത്തറി മേഖല പ്രതിസന്ധിയിലേക്ക് പോവുകയാണ്. റ്റി.ഇ.ഇ. എന്നുപറയുന്ന ഒരു പരിപാടി (Town of Export Excellent) ഇൻഡ്യയിൽ നാല് കേന്ദ്രങ്ങളാണ് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിലൊരു കേന്ദ്രം കണ്ണൂരാണ്. 256 കോടി രൂപയുടെ കൈത്തറി കയറ്റുമതി നടത്തുന്ന ഇൻഡ്യയിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊന്നാണ് കണ്ണൂർ. കണ്ണൂരിനെ റ്റി.ഇ.ഇ.യിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നുപറഞ്ഞാൽ രാജ്യത്തെ കൈത്തറിയുടെ പ്രധാനപ്പെട്ട നാല് പട്ടണങ്ങളിലൊന്നായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂരിനെ കണ്ടെത്തിയിരിക്കുകയാണ്. എറണാകുളത്ത് കണ്ടെയിനർ ഡിപ്പോ കൂടി വരുന്ന പശ്ചാത്തലത്തിൽ 2010-ഓടുകൂടി ആയിരം കോടി രൂപയുടെ കൈത്തറി തുണിത്തരങ്ങൾ ഇവിടെ നിന്ന് കയറ്റുമതി ചെയ്യാൻ സാധിക്കുമെന്നുള്ളതാണ് ഇപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. 132 കോടി രൂപയുടെ പദ്ധതി 5 വർഷം കൊണ്ട് പൂർത്തീകരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ഇവിടെ അനുവാദം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സത്വര നടപടി സ്വീകരിക്കാനാകണം. അപ്പോൾ 132 കോടി രൂപയുടെ അഞ്ച് വർഷക്കാലത്തേക്കുള്ള പ്രോജക്റ്റ് നടപ്പിലാക്കണം. ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീമാണ് കണ്ണൂരിൽ ഇപ്പോൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. തളിപ്പറമ്പ് മണ്ഡലത്തിലെ നാടുകാണിയിൽ 126 ഏക്കർ സ്ഥലം ഇപ്പോൾ ലഭ്യമായിട്ടുണ്ട്. ഇനിയും 30 ഏക്കർ കൂടി ലഭിക്കാനിടയുണ്ട്. അങ്ങനെ വരുമ്പോൾ 156-ഓളം ഏക്കർ ഭൂമി തളിപ്പറമ്പിലെ നാടുകാണിയിൽ ലഭിക്കുകയാണ്. റ്റി.സി.ഐ.ഡി. പ്രോജക്റ്റിനൊപ്പം ഞാൻ നേരത്തെ പറഞ്ഞിട്ടുള്ള Town of Export Excellent -ന്റെ ഭാഗമായിട്ട് വരുന്ന 132 കോടി രൂപയുടെ പരിപാടി കൂടി കൂട്ടിച്ചേർത്ത് ആ മേഖലയിൽ ഫലപ്രദമായ രീതിയിൽ ഗവൺമെന്റിന് ഇടപെടാനുള്ള സൗകര്യം ലഭിക്കുകയാണ്. 26.79 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിക്ക് വേണ്ടി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും കൂടി ചേർന്നാണ്. അതിൽ ഒരു ചെറിയ ഭാഗം മാത്രമേ സംസ്ഥാന ഗവൺമെന്റ് കൊടുക്കേണ്ടതുള്ളൂ. അപ്പോൾ ഈ പരിപാടി സംയോജിതമായ രീതിയിൽ റ്റി.സി.ഐ.ഡി.യും റ്റി.ഇ.ഇ. പദ്ധതിയും കൂടി ചേർത്തുകൊണ്ട് നല്ല നിലയിൽ നടപ്പിലാക്കാൻ സാധിക്കേണ്ടതാണ്. അതിനാവശ്യമായ സത്വര നടപടി അടിയന്തിരമായിട്ടും സ്വീകരിക്കണം. ഹാന്റെക്സ് 40 കോടി രൂപയുടെ ഒരു പ്രോജക്റ്റ് സമർപ്പിക്കുകയുണ്ടായി. അതിന് കേന്ദ്രഗവൺമെന്റ് അംഗീകാരം കിട്ടിക്കഴിഞ്ഞിരിക്കുകയാണ്. സംസ്ഥാനം നൽകേണ്ടുന്ന വിഹിതം കൊടുത്തുകഴിഞ്ഞാൽ ആ പദ്ധതി നടപ്പിലാക്കാൻ സാധിക്കും. ഹാന്റെക്സും ഹാൻവീവുമാണ് ഈ മേഖലയിലെ ഗവൺമെന്റുമായി ബന്ധപ്പെട്ട രണ്ട് പ്രധാനപ്പെട്ട സ്ഥാപനങ്ങൾ. അവിടെ പുനരുദ്ധാരണത്തിനാവശ്യമായ പദ്ധതികളുണ്ടാകണം. ഹാന്റെക്സിന്റെ എം. ഡി. ഇപ്പോൾ പി.ഡബ്ല്യു.ഡി. എഞ്ചിനീയറാണ്. ജോയിന്റ് ഡയറക്ടർ പദവിയിലുള്ള ഒരാളെ നിയമിക്കണമെന്നാണ് കോടതിപോലും ചൂണ്ടിക്കാണിച്ചത്. പക്ഷേ ഈ ഡിപ്പാർട്ടുമെന്റുമായി യാതൊരുബന്ധവുമില്ലാത്ത, കൈത്തറിയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരാളെയാണ് എം.ഡി.ആയിട്ട് നിശ്ചയിച്ചിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട വേറൊരു കാര്യം പി. ആന്റ് എസ്. പ്രൊഡക്ഷൻ ആന്റ് സെയിൽസ് സൊസൈറ്റികളുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സൊസൈറ്റികൾക്ക് ഭവനം നിർമ്മിക്കുന്നതിനുവേണ്ടി തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കാൻ സാധിക്കും. എന്നാൽ ഇൻഡസ്ട്രിയൽ വർക്കുഷോപ്പുകളിൽ പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക്, ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതിയുമായിട്ട് ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് വന്നുചേർന്നിട്ടുള്ളത്. അതുകൊണ്ട് കൈത്തറി മേഖലയിലെ ഇന്നത്തെ പ്രശ്നങ്ങളാകെ പരിഹരിക്കുന്നതിനു വേണ്ടി സ്വാഭാവികമായിട്ടും വളരെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ആനുകൂല്യങ്ങളില്ല, അവർക്ക് ജീവിതം നൽകുന്നതിനുള്ള ബോധപൂർവ്വമായ പ്രവർത്തനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഇടപെടാൻ സാധിക്കേണ്ടതുണ്ട്; അവരുടെ ജീവിതം മെച്ചപ്പെടുത്താനാവശ്യമായ സഹായങ്ങൾ നൽകേണ്ടതുണ്ട്. അവർക്ക് റിബേറ്റും മറ്റ് ആനുകൂല്യങ്ങളും കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. അതുപോലെ ഹാന്റെക്സിൽ തുണി കെട്ടിക്കിടക്കുകയാണ്. ഹാന്റെക്സിൽ കെട്ടിക്കിടക്കുന്ന തുണി വിറ്റഴിക്കാനാവശ്യമായ സൗകര്യങ്ങളുണ്ടാകണം. ആഭ്യന്തര മാർക്കറ്റും വിദേശ മാർക്കറ്റും ലക്ഷ്യംവച്ചുകൊണ്ട് ഈ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായിട്ടുള്ള ചില കാര്യങ്ങൾ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ തമിഴ്നാടും ആന്ധ്രാ പ്രദേശവും നടപ്പിലാക്കുന്നതുപോലെ നടപ്പിലാക്കാനാവശ്യമായ നിലപാടും സ്വീകരിക്കേണ്ടതുണ്ട്. ഈ രീതിയിലെല്ലാം കൈത്തറിയെ സംരക്ഷിക്കുന്നതിന് വേണ്ടിയും കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളത് കേരളത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടിയും ശ്രമിക്കണം. ഇപ്രാവശ്യത്തെ കേന്ദ്ര ഗവൺമെന്റ് ബഡ്ജറ്റിൽ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ഇൻഷ്വറൻസ് പരിഷ്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ വച്ചിട്ടുണ്ട്. അതുൾപ്പെടെയുള്ള കാര്യങ്ങൾ ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നതിന് വേണ്ടിയും അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിക്കുന്ന പരിപാടികൾ ഫലപ്രദമായി സമയാസമയം കേരളത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടിയും സാധിക്കണം. അതുപോലെതന്നെ കണ്ണൂർ ജില്ലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ഉപയോഗിക്കാൻ സാധിക്കുന്ന റ്റി. ഇ. ഇ. ഉൾപ്പെടെയുള്ള പദ്ധതികൾ ഈ മേഖലയിൽ നല്ല നിലയിൽ നടപ്പിലാക്കാനുള്ള ശ്രമം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകണം. അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഈ സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷം കൈത്തറി മേഖലയുടെ വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിച്ചു. കഴിഞ്ഞ മൂന്ന് വർഷം കൊണ്ട് ഈ മേഖലയിൽ 87 കോടി രൂപയോളം ചെലവഴിച്ചു. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ റിബേറ്റിനും മാർക്കറ്റ് ഇൻസെന്റീവ് ഇനത്തിലും 53 കോടി രൂപ വിതരണം ചെയ്തു. റിബേറ്റ് ദിനങ്ങൾ മുൻകൂട്ടി തീരുമാനിച്ചു. ഇപ്പോൾ ഹാന്റെക്സ്, ഹാൻവീവ് തുടങ്ങിയവയ്ക്കും ജില്ലകളിൽ സംഘടിപ്പിക്കുന്ന പ്രദർശന മേളകളിൽ പങ്കെടുക്കുന്ന പ്രൈമറി സംഘങ്ങൾ എന്നിവർക്കും മാത്രമേ റിബേറ്റ് നൽകുന്നുള്ളൂ. റിബേറ്റ്, മാർക്കറ്റ് ഇൻസെന്റീവ് ഇനത്തിലുള്ള കുടിശ്ശിക എന്നിവ ഉടൻ തന്നെ വിതരണം ചെയ്യുന്നതാണ്. പ്രാഥമിക സംഘങ്ങളിലെയും ഹാൻവീവിലെയും നെയ്ത്തുകാർക്കായി ഹാങ്ക്യാൺ സബ്സിഡി ഇനത്തിൽ രണ്ട് കോടി രൂപയും യാൺ ബാങ്കുകൾക്ക് പ്രവർത്തനമൂലധനത്തിനുള്ള മാർജിൻ മണിയായി 50 ലക്ഷം രൂപയും അനുവദിച്ചു. ഹാന്റെക്സിലും ഹാൻവീവിലും കെട്ടിക്കിടക്കുന്ന 20 കോടിയിലധികം രൂപയുടെ തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സുവർണ്ണ ജയന്തി തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലെ ഏഴായിരം നെയ്ത്തുകാരുടെ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഗുണമേൻമയേറിയ മൂല്യവർദ്ധിത കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണി കണ്ടെത്തുന്നതിനുള്ള 'തനിമ', 'കൃതിക' എന്നീ

LIBRARY ARCHIVES Kerala Legislative Assembly

ബ്രാന്റ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൈത്തറി രംഗത്ത് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി വളരെ വിജയകരമാണെന്ന് കണ്ടെത്തി 239 സംഘങ്ങളിലെ 6500 തറികളിലെ ഉൽപ്പാദനം വിപണിയിലെത്തിക്കും. കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പനയ്ക്കായി സംഘം കൺസോർഷ്യങ്ങളുടെ 12 ഷോറൂമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. കൈത്തറി തൊഴിലാളികൾക്ക് നെയ്ത്തിലും അനുബന്ധ ജോലികളിലുമായി തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനായി ദീൻ ദയാൽ കൈത്തറി വികസന പദ്ധതിക്ക് ആരംഭം കുറിച്ചിട്ടുണ്ട്. തറികളുടെ നവീകരണം, കൂടുതൽ മാർക്കറ്റിംഗ് സൗകര്യം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, മൂല്യവർദ്ധനവ്, ആകർഷണീയമായ ഉൽപ്പന്നങ്ങളുടെ രൂപകൽപ്പന, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം എന്നീ പരിപാടികളിലൂടെ കൈത്തറി രംഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഐ. ഐ. എം. കോഴിക്കോട് എന്നീ സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സംസ്ഥാനത്ത് ടെക്സ്റ്റൈൽ മേഖലയുടെ വികസനത്തിനായി ടെക്സ്റ്റൈൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സ്കീം കൈത്തറി വ്യവസായങ്ങളുടെ ഈറ്റില്ലമായ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കുന്നതാണ്. ടെക്സ്റ്റൈൽമേഖലയിലാവശ്യമായ അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതിപ്രകാരം തയ്യാറാക്കുന്നത്. 26 കോടിയോളം രൂപയാണ് ഈ പദ്ധതിയുടെ ചെലവ്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ കുറുമാത്തി, പന്നിയൂർ വില്ലേജുകളിലായി 125 ഏക്കറോളം സർക്കാർ ഭൂമി ലഭിച്ചിട്ടുണ്ട്. ഈ സ്ഥലത്തിന്റെ സർവ്വേ ജോലികൾ നടത്തിക്കഴിഞ്ഞു. അതിനോട് ചേർന്നുകിടക്കുന്ന 30 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാൻ ജില്ലാകളക്ടർക്ക് ഇതിനകം തന്നെ ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിന്റെ ഉപദേശകരായി ഫെഡോയേയും സാങ്കേതിക ഉപദേശകരായി സൗത്ത് ഇൻഡ്യൻ ടെക്സ്റ്റൈൽ റിസർച്ച് ഓർഗനൈസേഷനെയും നിയമിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ അതിന് തറക്കല്ലിടാൻ സാധിക്കും. ഈ സെന്റർ നിലവിൽ വരുന്നതോടെ കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ടെക്സ്റ്റൈൽ മേഖലയ്ക്ക് ലഭ്യമാക്കാനും ഉൽപ്പാദനത്തിന്റെ തോത് വർദ്ധിപ്പിക്കാനും സാധിക്കും. ഈ പദ്ധതി രണ്ട് വർഷത്തിനകം പ്രവർത്തനക്ഷമമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ശ്രീ. ഗോവിന്ദൻ മാസ്റ്റർ ഉന്നയിച്ച മറ്റ് കാര്യങ്ങളിൽ തമിഴ്നാടും ആന്ധ്രയും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് പഠിച്ച് കേരളത്തിൽ പുതിയ പദ്ധതികൾ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കൈത്തറി മേഖല 2005-ഓടുകൂടി ടെക്സ്റ്റൈൽ എന്നുപറയുന്ന ഒരു പൊതുധാരയിലേക്ക് വരികയാണ്. അപ്പോൾ സ്വാഭാവികമായിട്ടും ടെക്സ്റ്റൈൽ ഉൽപ്പന്നങ്ങളോടാണ് കൈത്തറി മേഖലയിൽ നിന്നും വരുന്ന തുണിത്തരങ്ങൾക്ക് മത്സരിക്കേണ്ടി വരിക. അങ്ങനെ വരുമ്പോൾ സാധാരണ നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കൈത്തറിക്ക് പിടിച്ചുനിൽക്കാൻ സാധിക്കാത്ത അവസ്ഥയാണ് വരിക. അപ്പോൾ കൈത്തറിക്ക് ലോകമാർക്കറ്റിലേക്ക് കടന്നുചെന്ന് തുടർച്ചയായിട്ട് നിലനിന്ന് മുമ്പോട്ടേയ്ക്ക് പോകുന്നതിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ആസൂത്രിതമായ പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്യേണ്ടതുണ്ട്. അങ്ങനെ ആസൂത്രണം ചെയ്യേണ്ടതിന്റെ ഭാഗമായിട്ട് തമിഴ്നാടിന്റെയും ആന്ധ്രയുടെയും അനുഭവങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് അതിന്റെ ഗുണമേൻമ വർദ്ധിപ്പിക്കണം. അതുപോലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കുമോ? 2007-ഓടുകൂടി ഒരു ആനുകൂല്യവും കൊടുക്കാൻ പോകുന്നില്ല എന്നാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് ഡബ്ല്യു.റ്റി.ഒ.യുടെ ഭാഗമായിട്ടാണ്. വളരെ ഗൗരവമായിട്ടുള്ള പ്രശ്നമാണ് കേരളം അഭിമുഖീകരിക്കുന്നത്. അതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്</u>: ഗവൺമെന്റ് ഇക്കാര്യം വളരെ ശ്രദ്ധാപൂർവ്വം നോക്കി കാണുകയാണ്. കഴിഞ്ഞ ആഴ്ച സംസ്ഥാന ഗവൺമെന്റിന്റെ കൈത്തറി ഡയറക്ടർ ആന്ധ്രയിലെയും തമിഴ്നാട്ടിലെയും സ്ഥാപനങ്ങളിലെ നൂതന ടെക്നോളജിയും ഫാഷൻ ഡിസൈനിംഗും എല്ലാം പഠിക്കാനായിട്ട് പോയി. അത് പഠിച്ച് ഇവിടെ നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അക്കാര്യത്തിൽ ഉടൻ തന്നെ നടപടിയുണ്ടാകും.

(2) <u>മലബാറിലെ മലയോര-പിന്നോക്ക പ്രദേശങ്ങളിലെ സർക്കാർ എൽ.പി/യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, സമൂലമായ പരിവർത്തനം കൊണ്ടും ശക്തമായ പരിഷ്ക്കാരങ്ങൾ കൊണ്ടും കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെ ഹൈടെക് മേഖലയിലേക്ക് നയിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വളരെ ദയനീയവും എന്നാൽ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ ആദിവാസികളും തീരദേശ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള കേരളത്തിലെ പിന്നോക്ക പ്രദേശങ്ങളിലെ ആയിരക്കണക്കിന് കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാനുള്ള സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന ദയനീയമായ ചിത്രത്തിലേക്കാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഭരണഘടനയുടെ 86-ാം ഭേദഗതി അനുസരിച്ച് മൗലീകാവകാശമായി പ്രാഥമിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിരിക്കുകയാണ്. 14 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം സൗജന്യമായി നൽകേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതില്ലാതെ വരിക എന്നുപറയുന്നത് അവരുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നതിന് തുല്യമാണ്. ഇത് ഗവൺമെന്റിന്റെ ഔദാര്യമല്ല. ഇവിടുത്തെ കുട്ടികളുടെ അവകാശമാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും അടക്കമുള്ള എല്ലാ സ്കൂളുകളിലും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തണം. ആ ബാദ്ധ്യതയും ഉത്തരവാദിത്വവും ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് മലയോര പിന്നോക്ക പ്രദേശങ്ങളിലാണ്. പ്രത്യേകിച്ച് മലബാറിലെ എല്ലാ ജില്ലകളിലും. ആദിവാസി പിന്നോക്ക മേഖലകളിലും ഇത് ബാധിച്ചിട്ടുണ്ട്. 2002-ൽ വന്ന 86-ാം ഭരണഘടന

LIBRARY ARCHIVES Kerala Legislative Assembly